പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5114

15-11-2019-ൽ മറുപടിക്ക്

## തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതി

**ചോദ്യം**

**ശ്രീ.കെ.രാജൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ മതിയായ ഫണ്ട് അനുവദിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി 799.77 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കി കേന്ദ്ര കൃഷി വകുപ്പിന് സമർപ്പിച്ചിരുന്നു. ആയത് പുനക്രമീകരിച്ച് 425.2 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി 114.2 കോടി രൂപയുടെ 11 പ്രോജക്ടുകളും ആർ.ഐ.ഡി.എഫ് മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 300 കോടി രൂപയുടെ പ്രോജക്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാനുമാണ് ഉത്തരവായത്. എന്നാൽ, പദ്ധതികൾ പൂർത്തീകരിക്കുവാൻ മതിയായ ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല.<br>തൃശ്ശൂർ-പൊന്നാനി കോൾനില വികസന പദ്ധതിയുടെ ഭാഗമായി 'Supply and Installation of Energy Efficient Water Lifting Devices for Dewatering, Thrissur-Ponnani Kole area' എന്ന പ്രൊജക്ട് 2019-20 സാമ്പത്തിക വർഷത്തെ RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ തൃശ്ശൂർ-പൊന്നാനി കോൾ നില വികസന പദ്ധതി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) | തൃശ്ശൂർ-പൊന്നാനി കോൾ മേഖലയിലെ പാടശേഖരങ്ങളിൽ നെല്ലുല്പാദന വർദ്ധനവിനുതകുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 308,83,62,948/- രൂപയുടെ വിശദമായ പ്രൊപ്പോസൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിൽ ബണ്ടുകളുടെ നിർമ്മാണം/നവീകരണം, തോടുകളുടെ ആഴംകൂട്ടൽ, എഞ്ചിൻ തറ, എഞ്ചിൻ ഷെഡ്, കനാലുകളുടെ ആഴം കൂട്ടൽ, നവീകരണം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ